# പതിമൂന്നാം കേരള നിയമസഭ
## ഒൻപതാം സമ്മേളനം

നക്ഷത്ര ചിഹ്നമിടാത്ത ചോദ്യം നമ്പർ 2705 20/06/2013-ലെ മറുപടിക്ക്

<u>പുതുതായി പ്രഖ്യാപിച്ച ഗവൺമെന്റ് കോളേജുകൾ</u>

| ചോദ്യം | ഉത്തരം |
|---|---|
| ശ്രീ.കെ.കുഞ്ഞിരാമൻ (തൃക്കരിപ്പൂർ) | ശ്രീ. പി.കെ. അബ്ദു റബ്ബ് ( ബഹു. വിദ്യാഭ്യാസ വകുപ്പ് മന്ത്രി). |

| | | | |
|---|---|---|---|
| എ | പുതുതായി എത്ര ഗവൺമെന്റ് കോളേജുകൾ ആരംഭിക്കുമെന്നാണ് പ്രഖ്യാപിച്ചിട്ടുള്ളത്; | എ & ബി | സംസ്ഥാനത്ത് സർക്കാർ എയ്ഡഡ് കോളേജുകൾ ഇല്ലാത്തതും സ്ഥലം ലഭ്യമായതുമായ എല്ലാ നിയോജക മണ്ഡലങ്ങളിലും ആർട്സ് & സയൻസ് കോളേജുകൾ ആരംഭിക്കുമെന്ന് 2011-14-ലെ ബഡ്ജറ്റ് ചർച്ചയുടെ മറുപടി പ്രസംഗത്തിൽ ബഹു.ധനകാര്യമന്ത്രി പ്രഖ്യാപിച്ചതിന്റെ അടിസ്ഥാനത്തിൽ നിലവിൽ സർക്കാർ/ എയ്ഡഡ് കോളേജുകൾ ഇല്ലാത്ത 22 മണ്ഡലങ്ങളിലും പുതിയ ആർട്സ് & സയൻസ് കോളേജുകൾ ആരംഭിക്കുന്നതിന് ആവശ്യമായ സ്ഥലം കണ്ടെത്തുന്നതിനും കെട്ടിട നിർമ്മാണത്തിനും ആവശ്യമായ സാമ്പത്തിക സഹായം അസറ്റ് ക്രിയേഷൻ ഫണ്ടിൽനിന്നും അനുവദിക്കുകയും കെട്ടിടനിർമ്മാണം പൂർത്തിയാകും വരെ ക്ലാസ്സുകൾ താത്കാലികമായി നടത്തുവാൻ അനുയോജ്യമായ കെട്ടിടം കണ്ടെത്തി സർക്കാരിനെ |

അറിയിക്കുവാനും അനായോജ്യമായ പ്രൊപ്പോസൽ സമർപ്പിക്കുവാനും അതത് മണ്ഡലങ്ങളിലെ എം.എൽ.എ മാർക്ക് നിർദ്ദേശം നൽകിയിട്ടുണ്ട്.

താനൂർ,കൊടുവള്ളി എന്നിവിടങ്ങളിൽ സർക്കാർ മേഖലയിൽ കോളേജുകൾ ആരംഭിക്കുന്നതിന് ഉത്തരവായിട്ടുണ്ട്. താഴെ പറയുന്ന 22 നിയോജക മണ്ഡങ്ങളിലാണ് സംസ്ഥാനത്ത് സർക്കാർ/എയ്ഡഡ് മേഖലയിൽ ആർട്സ് & സയൻസ് കോളേജുകൾ നിലവിലില്ലാത്തത്.

ഉദുമ, (കാസർഗോഡ്) പയ്യന്നൂർ, നാദാപുരം, ബാലുശ്ശേരി, കുന്നമംഗലം, കൊടുവള്ളി, മങ്കട, വേങ്ങര, തവനൂർ, തൃത്താല, കൊങ്ങാട്, മലമ്പുഴ, ആലത്തൂർ, ചേലക്കര,ഒല്ലൂർ, വൈപ്പിൻ, കരുനാഗപ്പള്ളി, കാട്ടാക്കട, നെയ്യാറ്റിൻകര, താനൂർ, കൊണ്ടോട്ടി, തലശ്ശേരി.

ബി ഇതിൽ കാസർഗോഡ് ജില്ലയിൽ എത്ര കോളേജുകൾക്കാണ് നിവേദനം ലഭിച്ചിട്ടുള്ളത് ; വ്യക്തമാക്കാമോ?

സെക്ഷൻ ഓഫീസർ